## • 'റോള'യിലെ ഒരു സായന്തനം

– ദീപു കെ. നായർ

വെയിൽ ചാഞ്ഞിറങ്ങുന്നതിൻ മുമ്പണയുന്നു
പറവകൾ പരിതാപ കഥകളുമായ്.
ചിറകുകളെല്ലാം വിതിർത്തു വിശ്വത്തിന്റെ
നെറുകയിൽ താവളം തേടുകയായ്.
പലനാളിലൊരുപാടുരുവിട്ടതെങ്കിലും
മൊഴിയുന്നു മൊഴിമാറ്റമില്ലാതവർ.
ഒരുനിഴൽക്കൂത്തിലിങ്ങറിയാതെയാടുന്നു
ശിഥിലസ്വപ്നങ്ങളെ നെഞ്ചിലേറ്റി.
ഇഴയുന്ന ജീവിതസ്മൃതികളിൽ പടരുന്ന
കദനങ്ങളിടതൂർന്നു പ്രതിസന്ധിയിൽ.
ഇവിടെയാണജ്ഞാതനൊമ്പരം ചാലി-
ച്ചവരെഴുതും മഹാകാവ്യങ്ങളും!
പണിയുന്ന മാളികയൊരിടത്തുമെത്താതെ
പതറുന്ന മാനസമൊരുസത്യമായ്,
പ്രണയസൗധങ്ങളിലഴലിന്റെ തൊട്ടിലിൽ
പ്രഥമസങ്കല്പത്തിൻ നിശ്വാസമായ്.
അടരും ദിനങ്ങൾ തൻ അഗ്രഹാരങ്ങളിൽ
അലിയുന്നു ജീവിതതൃഷ്ണയെന്നും!
പറയുവാനെന്തെന്തു കാര്യങ്ങൾ! വ്യർത്ഥമാം
വാഴ്‌വിന്റെ വർണ്ണക്കെടുതിയായി!
ഒരു ശുഭവിശ്വാസമൊടുവിലീ മണ്ണിന്റെ
കരളിൽ കരിമഷിക്കോലമായി.
ഉടയും മനസ്സിന്റെ നിർഭാഗ്യശീലുകൾ
പടരുന്നു പരിഭാഷയറിയാതെയും!

ചതുരക്കളങ്ങളിൽ കരു മാറ്റുവാൻ വന്ന
ചിരകാലബന്ധങ്ങളെണ്ണിനോക്കി,
വിഫലമാണെങ്കിലും സുഹൃദ്സംഗമങ്ങളിൽ
വിരഹങ്ങൾ കൈകോർത്തു നിന്നിടുന്നു.
നിറമുള്ള സന്ധ്യകൾ മാഞ്ഞിടുമ്പോൾ, ജന്മ-
മൊരു മൺതരിയായി മാറിടുമ്പോൾ,
അകലങ്ങളിൽ മിഴിചിമ്മുന്ന താരകൾ
കാണാക്കിനാവിന്റെ പ്രതിബിംബമായ്.
എത്ര സ്വപ്നങ്ങളനാഥങ്ങളായ്, മൗന-
ഗോപുരം തീർപ്പൂ മണൽക്കാട്ടിതിൽ.
ശിഷ്ടമാം ജീവിതം മുരടിച്ചിടുമ്പൊഴും
മർത്ത്യബന്ധങ്ങൾ കിളിർത്തിടുന്നു.
ഒന്നിച്ചുചേരുവാൻ വന്നവർ, വാഴ്‌വിന്റെ
പൊന്നുരുക്കീടുന്നു; നെഞ്ചിനുള്ളിൽ...
മാറ്ററിഞ്ഞീടുമ്പോൾ മാനം നിറയുന്ന
മേഘങ്ങൾ വീഴ്ത്തുന്നു കണ്ണുനീരും!
പൊള്ളുന്ന മാനസം തെല്ലുമറിയാതെ
വെല്ലുന്ന ക്രൗര്യമോ ഉഷ്ണഭൂവിൽ?
അല്ലെന്നു ചൊല്ലുന്നതെങ്ങനെ, യൂഷര-
മാകുന്ന ചിന്തകൾ പാറിടുമ്പോൾ...
ആരോരുമറിയാതെ ആത്മാവിലേറ്റുന്ന
ഭാരങ്ങൾ നാൾക്കുനാൾ കൂടുമ്പൊഴും,
അറ്റങ്ങളില്ലാത്തൊരാശതൻ കൊട്ടാര-
മെത്രയോ പണിതുയർക്കുന്നു; ഉള്ളിൽ!

16 ജൂൺ 2004

*റോള – ഷാർജയിലെ ഒരു പ്രധാന നഗരം.

13/11/'05